(ബി) ഇതിൽ പാലക്കാട്ടുജില്ലയിൽ പണിയാൻ എത്ര പാലങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത് ;

(സി) ഇതിൽ എത്രയെണ്ണത്തിന്റെ പണി ആരംഭിച്ചു ; എത്രയെണ്ണത്തിന്റെ പണി ആരംഭിക്കാതെ കിടക്കുന്നു ;

(ഡി) പെരിന്തൽമണ്ണ താലൂക്കിൽ മങ്കട നിയോജകമണ്ഡലത്തിൽ പണിയാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന പാലൂർ, കീരൻകുണ്ട് എന്നീ പാലങ്ങളുടെ പണി ആരംഭിക്കാതിരിക്കാൻ കാരണമെന്ത് ;

(ഇ) പ്രസ്തുത പാലങ്ങളുടെ പണി ഉടനടി ആരംഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 277 വലിയ പാലങ്ങളും 85 ചെറിയ പാലങ്ങളും.

(ബി) 29 എണ്ണം.

(സി) 16 എണ്ണത്തിന്റെ പണി ആരംഭിച്ചു. 13 എണ്ണത്തിന്റെ പണി ആരംഭിച്ചിട്ടില്ല.

(ഡി) പാലൂർ പാലത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. കീരൻകുണ്ട് പാലത്തിന്റെ പണി തുടങ്ങാൻ ധനദൗർല്ലഭ്യംമൂലം നിവ്വാഹമില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : പാലൂർ പാലത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞു എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണ് ? അവിടെ കഴിഞ്ഞ ഒന്നിൽ ചിലപ്പോൾ കൊല്ലമായിട്ട് യാതൊരു പ്രവൃത്തിയും നടക്കുന്നില്ലെന്നുള്ളതാണോ, അതോ പ്രവൃത്തി തുടർന്നു നടക്കുന്നുണ്ട് എന്നുള്ള അർത്ഥമാണോ മന്ത്രി കണക്കാക്കുന്നത് ? ഈ കഴിഞ്ഞ ഒന്നിൽ ചിലപ്പോൾ കൊല്ലമായി അവിടെ എന്തെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോ എന്നുള്ളതു് പരിശോധിച്ച് മറുപടി പറയുവാൻ മയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: പണി തുടങ്ങിക്കഴിഞ്ഞു എന്നു പറയുന്നതു് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുക്കുക, അതിന്റെ പ്രവൃത്തിക്കാവശ്യമായ പ്രാഥമിക നടപടികളും എടുക്കുക എന്നുള്ള അർത്ഥത്തിലാണ്. അവിടെ ഇതിനാവശ്യമായ നടപടികളും എടുത്തുകഴിഞ്ഞു. അവിടത്തെ പ്രവൃത്തി ഇപ്പോൾ ഏതു സ്റ്റേജിലിരിക്കുന്നു എന്നു് ഇപ്പോൾ പറയുക സാദ്ധ്യമല്ല.

ശ്രീ. ടി. കൃഷ്ണൻ : കൊല്ലം ഡിസ്ട്രിക്ടിലെ തേവള്ളി—കോട്ടയം കടവുപാലത്തിന്റെ പണിക്കു് ഈ സാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതുകൊണ്ട് കൂട്ടുതൽ തുക വേണമെന്നു് കൊല്ലം ഡിസ്ട്രിക്ടറ ഡവലപ്പുമെന്റു കൗൺസിൽ ഗവണ്മെന്റിലേക്കു് ശുപാർശ ചെയ്തിട്ടില്ലേ ? അതിനു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ ശുപാർശ ചെയ്തിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. പണി വേണ്ടപോലെ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു എന്നാണ് അറിയുന്നതു്. അതിന്റെ പ്രവർത്തനത്തിൽ യാതൊരു സ്തംഭനവും മുണ്ടായിട്ടില്ല. സ്തംഭനമുണ്ടാകാതെ പണി മുന്നോട്ടു കൊണ്ടുപോകണമെന്നാണ് ഗവണ്മെന്റു ഉദ്ദേശിക്കുന്നതു്.

ഓറഞ്ചു തോട്ടങ്ങൾ.

* 414. [21] ശ്രീ. കെ. വി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനഗവണ്മെന്റിന്റെ ഉടമസ്ഥതയിൽ എത്ര ഓറഞ്ചു തോട്ടങ്ങൾ ഉണ്ട് ; എവിടെയെല്ലാം ; ആകെ എത്ര ഏക്കർ വിസ്തീർണ്ണമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെല്ലിയാമ്പതിയിലുള്ള എസ്റ്റേറ്റിന്റെ വിസ്തീർണ്ണം എത്ര ;

(സി) 1962-63 സാമ്പത്തികവർഷത്തിൽ എത്ര ഓറഞ്ചു് ഇവിടെ നിന്നു് ലഭിച്ചു ;

(ഡി) എന്തു വിലയ്ക്കാണു് അവ വിറ്റതു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) സംസ്ഥാനഗവണ്മെന്റിന്റെ ഉടമസ്ഥതയിൽ ഒരു ഓറഞ്ചുതോട്ടമുണ്ടു്. അതു് നെല്ലിയാമ്പതിയിലാണു്. അതിന്റെ വിസ്തീർണ്ണം 370 ഏക്കറാണു്.

(ബി) നെല്ലിയാമ്പതി കാർഷികഗവേഷണ തോട്ടത്തിന്റെ മൊത്തം വിസ്തീർണ്ണം 500 ഏക്കറും അതിൽ ഓറഞ്ചു തോട്ടം 370 ഏക്കറുമാണു്.

(സി) 1962-63 സാമ്പത്തിക വർഷത്തിൽ 1,315,093 ഓറഞ്ചു് ലഭിച്ചു.

(ഡി) 32,825 രൂപ 10 നയാപൈസയ്ക്കാണു് അവ വിറ്റതു്.

ശ്രീ. കെ. വി. നാരായണൻ : ഓറഞ്ചു് ധാരാളമായി കിട്ടുന്ന കാലങ്ങളിൽ അതിനു് ശരിയായ വില കിട്ടുന്നില്ലെന്നുള്ള പരാതിയുള്ളതുകൊണ്ടു് അവിടെ ഒരു ഫ്രൂട്ടു് പ്രിസർവേഷൻ പ്ലാന്റു് തുടങ്ങുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : ഇപ്പോഴത്തന്നെ അവിടത്തെ കൃഷി കുറച്ചു നന്നായി വരുന്നുണ്ടു്. ആദ്യം സുഖക്കേടു വന്നപ്പോഴത്തെ കുറച്ചു നഷ്ടം വന്നുവെങ്കിലും ഇപ്പോഴത്തെ ആ കൃഷി കുറെ മെച്ചപ്പെട്ടിട്ടുണ്ടു്. ഇതുവരെ ലഭിച്ചിട്ടുള്ളതിനേക്കാൾ കുറേക്കൂടി നല്ലൊരു വിളവു് ഇനി ലഭിക്കുമെന്നാണു് ഗവണ്മെന്റു് പ്രതീക്ഷിക്കുന്നതു്. ഈ കൊല്ലം ഏകദേശം ഒരുലക്ഷത്തിൽ കൂടുതൽ രൂപ ലഭിക്കുമെന്നു ഡിപ്പാർട്ടുമെന്റിൽനിന്നും വിവരം ലഭിച്ചിട്ടുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : വയനാട്ടിൽ നാലഞ്ചു കൊല്ലം മുമ്പു് ധാരാളം ഓറഞ്ചുതോട്ടമുണ്ടായിരുന്നു. കാലം കഴിയുംതോറും അതു നശിച്ചുനശിച്ചുവരികയാണു്. അവിടെ ഓറഞ്ചു് നശിച്ചു വരുന്നതിനെ സംബന്ധിച്ചു് ഒന്നു പ്രത്യേകമായി അന്വേഷണം നടത്തി ഇതിന്റെ കാരണം എന്താണെന്നു കണ്ടുപിടിച്ചു് അതിനു വേണ്ട പരിഹാരനടപടികളും എടുക്കേണ്ടതു് വളരെ അത്യാവശ്യമായിത്തീർന്നിരിക്കുകയാണു്. ഇതേസംബന്ധിച്ചു അവിടത്തെ കൃഷിക്കാർ ഗവണ്മെന്റിലേക്കു് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടായിരുന്നു. ഈ കാര്യത്തിൽ വല്ല അന്വേഷണവും ഗവണ്മെന്റു നടത്തിയിട്ടുണ്ടോ ? ഇല്ലെങ്കിൽ അതേപ്പറ്റി ഒരന്വേഷണം നടത്താൻ ഗവണ്മെന്റു തയ്യാറാകുമോ ?

ശ്രീ. ഈ. പി. പൗലോസു് : ഓറഞ്ചിനെ ബാധിക്കുന്ന സുഖക്കേടിനെ സംബന്ധിച്ചു് റിസർച്ചു് നടക്കുന്നുണ്ടു്. നെല്ലിയാമ്പതിയിലെ അനുഭവങ്ങളിൽനിന്നുതന്നെ അതിനുവേണ്ട പ്രൊട്ടക്ഷൻ മെഷേഴ്സു് എടുത്താൽ കൃഷി മെച്ചമാകുമെന്നാണു് കാണുന്നതു്. നെല്ലിയാമ്പതിയിലെ കൃഷിതന്നെ നശിച്ചുപോകുമെന്നു് ഒരു കാലത്തു ഭീതിയുണ്ടായിരുന്നു. ഇപ്പോഴം അങ്ങനെ ഭീതിയൊന്നുമില്ല. അവിടെ ഓറഞ്ചു് കൂടുതൽ ഉണ്ടാകുന്നുണ്ടു്. ശരിക്കുള്ള നടപടികളും നിർദ്ദേശമനുസരിച്ചു ചെയ്താൽ ഈ സുഖക്കേടിനു് ഒരു പരിഹാരം കാണാൻ കഴിയുമെന്ന ബോദ്ധ്യം വന്നിരിക്കുകയാണു്. നെല്ലിയാമ്പതിയിലുണ്ടായിട്ടുള്ള സുഖക്കേടും വയനാട്ടിലുണ്ടായിട്ടുള്ള സുഖക്കേടും ഒന്നാണെന്നു പറയുവാൻ ഒക്കുകയില്ല.

ശ്രീ. കെ. വി. നാരായണൻ : നെല്ലിയാമ്പതിയിൽ ഒരു ഫ്രൂട്ടു് പ്രിസർവേഷൻ പ്ലാന്റു് സ്ഥാപിക്കുന്നതിനു് ഗവണ്മെന്റു വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : ഇവിടെ അതിന് സക്കാരിന്റെ പണം ചെലവു ചെയ്ത് ഇങ്ങനെയൊരു പ്ലാൻറുണ്ടാക്കിയാൽ അതുകൊണ്ട് എത്രമാത്രം പ്രയോജനമുണ്ടാകുമെന്നുള്ള കാര്യം കണ്ടറിയാം. ഇപ്പോഴത്തെ രീതിയിൽ തുടർന്നുപോയാൽ വലിയ നഷ്ടം കൂടാതെ ന്യായമായ ആദായം ലഭിക്കത്തക്ക വിധത്തിൽ നടക്കും. അതുകൊണ്ട് അങ്ങനെ ഒരു പ്ലാൻറ് തുടങ്ങണമെന്നു ഗവണ്മെൻറ് ഇപ്പോഴം ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഓരോ പ്രാവശ്യവും കാറടിക്കുമ്പോഴും ആയിരക്കണക്കിനു നാരങ്ങ കൊഴിഞ്ഞുപോകുന്നതുകൊണ്ട് അവിടെ ഒരു ഫ്രൂട്ട് പ്രിസർവേഷൻ പ്ലാൻറ് സ്ഥാപിക്കുകയാണെങ്കിൽ ഗവണ്മെൻറിനു കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയും. ഇപ്പോഴത്തന്നെ വയനാട്ടിലുള്ള അമ്പല വയലിൽ പ്രവർത്തിക്കുന്ന യൂണിറ്റ് അവിടെ വേണ്ടെന്നുവച്ച് അതു പ്രൈവറ്റ് പാർട്ടിക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു കേൾക്കുന്നു. അങ്ങനെയാണെങ്കിൽ ഈ യൂണിറ്റ് നെല്ലിയാമ്പതിയിലേക്ക് മാറ്റുകയാണെങ്കിൽ കൂടുതൽ ലാഭമുണ്ടാക്കാൻ സാധിക്കുമെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനുവേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : വയനാട്ടിലുള്ള യൂണിറ്റ് സ്വകാര്യ ഉടമയ്ക്ക് കൊടുക്കുന്നതിനുള്ള ഏർപ്പാടെല്ലാം ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അത് മറെറാരു സ്ഥലത്തേക്ക് മാറ്റുക എന്നുള്ള പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഇന്നു വളരെയധികം നഷ്ടമുണ്ട്. ഒരു കാറടിച്ചാൽ മതി ആയിരക്കണക്കിനു നാരങ്ങ കൊഴിഞ്ഞുപോകുന്നുണ്ട്. ഈ നഷ്ടം ഒഴിവാക്കാൻവേണ്ടി അവിടെ ഒരു ഫ്രൂട്ട് പ്രിസർവേഷൻ പ്ലാൻറ് സ്ഥാപിക്കുന്നതിനു ഗവണ്മെൻറ് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : കാറടിച്ചു വീഴുന്നതു പ്രത്യേകം ലേലം ചെയ്തു കൊടുക്കുന്നുണ്ട്. അവിടെ ഫ്രൂട്ട് പ്രിസർവേഷൻ പ്ലാൻറാണ് കൂടുതൽ സൗകര്യമെന്ന മെമ്പർക്ക് അഭിപ്രായമുണ്ടെങ്കിൽ അതു് എത്രമാത്രം ശരിയാണെന്നുള്ള കാര്യത്തെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : നെല്ലിയാമ്പതി തോട്ടത്തിൽ ആണ്ടിൽ എത്രമാത്രം ചെലവുണ്ട്, അവിടെനിന്ന് എത്ര ആദായം കിട്ടും, എത്രമാത്രം പണം മുടക്കിയാൽ എത്ര ആദായം കിട്ടും, ഇപ്പോഴം അവിടെനിന്ന് എത്ര ആദായം കിട്ടുന്നുണ്ട് എന്നുള്ള കാര്യത്തെപ്പറ്റി പറയാമോ ?

ശ്രീ. ഈ. പി. പൗലോസ് : അതാണ് ഇവിടെ പറഞ്ഞത്.

കേരള വില്ലേജ് കോർട്ട് ആക്ട്.

* 415. [22] ശ്രീ. പി. കെ. അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വില്ലേജ്കോർട്ട് ആക്ട് എന്നേക്ക് നടപ്പിലാക്കാമെന്നാണുദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത ആക്ട് ഉടനടി നടപ്പിലാക്കുകയും വില്ലേജ് കോടതികളുടെ പുനഃസംഘടന ഉടനെ നടത്തുകയും ചെയ്യുന്നതിനു വേണ്ട നടപടികളും അടിയന്തിരമായി സ്വീകരിക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ കെ. എ. ദാമോദര മേനോൻ) :

(എ) താമസിയാതെ നടപ്പിലാക്കാമെന്നു ഉദ്ദേശിക്കുന്നു.

(ബി) സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly